(Pages : 4)

**P – 3684**

**Reg. No. : ..............................**

**Name : ..................................**

## Third Semester B.A. Degree Examination, January 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Complementary Course I

## ML 1331.1 : പരിസ്ഥിതിപഠനം

## (2021 Admission)

VTM NSS COLLEGE LIBRARY

Time : 3 Hours                                                                 Max. Marks : 80

I. ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. 'കാടിന്റെ സുഗന്ധച്ചെപ്പ്' എന്ന് സുഗതകുമാരി വിശേഷിപ്പിച്ചതെന്തിനെയാണ്?

2. പഴുതാര കുത്തിയ വേദന മാറാൻ വൈക്കം മുഹമ്മദ് ബഷീർ പ്രകൃതിയിൽ നിന്നു കണ്ടെത്തിയ മരുന്ന് എന്താണ്?

3. 'ജീവന്റെ കൈയ്യൊപ്പ്' എഴുതിയതാര്?

4. സെന്റർ ഫോർ സയൻസ് & എൻവയോൺമെന്റ് സ്ഥിതിചെയ്യുന്നതെവിടെ?

5. പരിസ്ഥിതി സംരക്ഷണ നിയമം നിലവിൽ വന്നത് ഏതു വർഷം?

6. മലയാളത്തിലെ ആദ്യത്തെ പരിസ്ഥിതിക്കവിത.

7. 'ഗ്രീൻ ബെൽറ്റ് പ്രസ്ഥാനം' രൂപീകരിച്ചത് ആര്?

P.T.O.

8. "അഭിമാനപൂർവ്വം ഞാനേറിനില്പാണടിയിലെ ശോഷിച്ച പേരാർ നോക്കി" ഏതു നദിയുടെ ദൈന്യമാണ് ഈ വരികളിൽ?

9. 'Eco Feminism' എന്ന പദം ആദ്യമായി ഉപയോഗിച്ച എഴുത്തുകാരി ആര്?

10. 'പുതുവെളിച്ചം' എന്ന കവിതയിൽ ബാലാമണിയമ്മ 'അഗ്നിപഞ്ജരം' എന്നു വിശേഷിപ്പിക്കുന്നതെന്തിനെ?

**(10 × 1 = 10 Marks)**

II. **50** വാക്കിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

കുറിപ്പെഴുതുക : (11 മുതൽ 15 വരെയുള്ള ചോദ്യങ്ങൾ)

11. The One Straw Revolution (ഒറ്റ വൈക്കോൽ വിപ്ലവം).

12. Deep Ecology (ഗഹന പരിസ്ഥിതി വാദം)

13. ചിപ്കോ പ്രസ്ഥാനം.

14. ആഗോളതാപനം.

15. പാരിസ്ഥിതിക സ്ത്രീവാദം (Eco Feminism).

16. വനം എന്തിനു വേണ്ടിയെല്ലാമാണെന്നാണ് സുഗതകുമാരി നിരീക്ഷിക്കുന്നത്?

17. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലം എന്തായിരുന്നു?

18. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള പ്രധാന നയങ്ങൾ ഏതെല്ലാം?

19. ആവാസവ്യവസ്ഥ എന്നാലെന്ത്?

20. എന്താണ് പരിസ്ഥിതിവിജ്ഞാനം അഥവാ Ecology?

VTM NSS COLLEGE LIBRARY

21. എഞ്ചിനീയർമാർ വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' വായിക്കണം എന്നു പറയാറുള്ളതിന്റെ യുക്തി എന്ത്?

22. സൈലന്റ് വാലി പ്രക്ഷോഭം എന്തിനുവേണ്ടിയുള്ളതായിരുന്നു?

23. മാരകകീടനാശിനികൾ പരിസ്ഥിതിയിലുണ്ടാക്കുന്ന മാരകവിപത്തുക്കളെക്കുറിച്ച് റേച്ചൽ കാഴ്സൺ കാവ്യാത്മകമായി വിവരിക്കുന്നതെങ്ങനെ?

24. "ആയില്ല പിന്നെയും പാല്ലുന്നിതോർമ്മയിൽ

മായുന്ന നാളിന്റെ വർണ്ണങ്ങളാം വിധം" പോയകാലത്തിന്റെ വർണ്ണക്കാഴ്ചകൾ എന്തെല്ലാമാണ് കവിയുടെ മനസ്സിൽ തെളിഞ്ഞു വന്നത്?

25. "ഇനി നിയ്യിപ്പാലത്തിൻ നാട്ട നൂഴം!" സൂചിതം വ്യക്തമാക്കുക.

26. പരിസ്ഥിതി ദർശനങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് എങ്ങനെ തരംതിരിക്കാം?

**(8 × 2 = 16 Marks)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ആവാസവ്യവസ്ഥകൾക്ക് തകർച്ച സംഭവിയ്ക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?

28. ജൈവ-ഭൗതിക മണ്ഡലങ്ങളിൽ ഉണ്ടാകുന്ന പാരിസ്ഥിതികപ്രശ്നങ്ങൾക്ക് കാരണങ്ങൾ എന്തെല്ലാം?

29. ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ കൊണ്ട് വന്ധ്യയും മലിനയും ആക്കപ്പെട്ടു കഴിഞ്ഞ ഭൂമിയുടെ വർത്തമാനകാലത്തെ അടയാളപ്പെടുത്തുന്ന കവിതയാണ് 'മരണത്തിനപ്പുറം'. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

30. സ്ത്രീ-പ്രകൃതി ബന്ധങ്ങളെക്കുറിച്ചുള്ള പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ കാഴ്ചപ്പാടുകൾ സംഗ്രഹിക്കുക.

31. പ്രാചീനമനുഷ്യരും പ്രകൃതിയും തമ്മിലുണ്ടായിരുന്ന പാരസ്പര്യം ചരിത്രദൃഷ്ട്യാ പരിശോധിക്കുക.

32. ആധുനിക വ്യവസായങ്ങളും നഗരവൽക്കരണവും കൊണ്ട് പ്രകൃതിയ്ക്കു സംഭവിക്കുന്ന മാറ്റങ്ങൾ നിരീക്ഷിക്കുക.

33. ദേശീയകർമ്മപദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ മിഷനുകളെ പരിചയപ്പെടുത്തുക.



VTM NSS COLLEGE LIBRARY

34. കേരളത്തിൽ ഉണ്ടായിട്ടുള്ള പാരിസ്ഥിതിക സമരങ്ങളെക്കുറിച്ച് ലഘുവായി വിവരിക്കുക.

35. "അംബ പേരാറേ, നീ മാറിപ്പോമോ

ആകുലയാമൊരഴുക്കു ചാലായ്"

- നിങ്ങളുടെ പ്രദേശത്തെ നദികളോ ജലാശയങ്ങളോ ഉദാഹരിച്ച് ഈ അഭിപ്രായം സമർത്ഥിക്കുക.

36. നിങ്ങളുടെ വീക്ഷണത്തിൽ ഒരു പ്രാദേശിക പരിസ്ഥിതി നയം രൂപപ്പെടുത്തുക.

37. 'കാടിനു കാവൽ' എന്ന കൃതിയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

38. ഗാന്ധിയൻ ദർശനങ്ങൾ പരിസ്ഥിതിസംരക്ഷണത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുണ്ട്?

**(6 × 4 = 24 Marks)**

IV. **300** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. പരിസ്ഥിതിയെ സ്വാധീനിയ്ക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദീകരിച്ച് അവ എങ്ങനെയെല്ലാം സംരക്ഷിയ്ക്കാമെന്ന് നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

40. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നമ്മളെ പ്രതികൂലമായി ബാധിയ്ക്കുന്ന സാഹചര്യത്തിൽ നാമോരോരുത്തരും നമ്മുടെ ജീവിതരീതികളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ചർച്ച ചെയ്യുക.

41. ഒരു പരിസ്ഥിതിസൗഹൃദപദ്ധതിയ്ക്ക് രൂപം നൽകാനുതകുന്ന പ്രവർത്തനങ്ങളേവ?

42. പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കുക.

43. സമകാലിക പരിസ്ഥിതി പ്രശ്നങ്ങൾ പ്രതിഫലിപ്പിക്കുന്ന സാഹിത്യരചനകൾ പരിചയപ്പെടുത്തുക.

44. പരിസ്ഥിതിസങ്കല്പങ്ങളുടെ പ്രായോഗികതലങ്ങളെക്കുറിച്ച് വിമർശനദൃഷ്ട്യാ പരിശോധിക്കുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY